- **ഒക്ക്യൂപ്പേഷണൽ തെറാപ്പിസ്റ്റ്**:  ഇവര്ക്ക്  ദൈനംദിന പ്രവർത്തികള്ക്കാവശ്യമായ സൂക്ഷ്മം  ചലനങ്ങൾ മെച്ചപ്പെടുത്താനുള്ള വ്യായാമങ്ങൾ നിർദ്ദേശിക്കും
- മറ്റേതെങ്കിലും ശാരീരിക ആരോഗ്യപ്രശ്നങ്ങൾ ഉണ്ടെങ്കിൽ, അതിനാവശ്യമായ ചികിത്സക്ക് **ആരോഗ്യ പ്രവർത്തകരുടെ**  നിർദ്ദേശങ്ങളും സ്വീകരിക്കേണ്ടതാണ്.

## 5. സ്പീച്ച്  ആൻഡ് ലാഗ്വേജ് തെറാപ്പി (വാക്–ഭാഷാ ചികിത്സ) കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്?

സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ് ആശയവിനിമയ ശേഷി മെച്ചപ്പെടുത്തുന്നതിന് നൽകുന്ന ചികിത്സയാണ് സ്പീച്ച് ലാഗ്വേജ് തെറാപ്പി ഇനിപറയുന്നവ ഇതിൽ ഉൾപ്പെടുന്നു.

- പദസമ്പത്ത് മെച്ചപ്പെടുത്തുക
- കുട്ടികളുടെ ആവശ്യങ്ങൾ അടിസ്ഥാനമാക്കി ആശയവിനിമയം മെച്ചപ്പെടുത്തുന്നതിനായി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- മാതാപിതാക്കൾക്ക് കൗൺസിലിങ് നൽകുക
- വീട്ടിലെ പരിശീലന പ്രവർത്തനങ്ങൾക്ക് രൂപം നൽകുക

## 6.നിങ്ങളുടെ കുട്ടിയെ  വിദഗ്ധരുടെ അടുത്ത് എത്തിച്ചില്ലെങ്കിലെന്ത് സംഭവിക്കും?

നിങ്ങളുടെ കുട്ടി അതേ വയസ്സിലുള്ള മറ്റു കുട്ടികളെക്കാൾ വളർച്ചയിലും കഴിവിലും എല്ലായ്പ്പോഴും പിന്നിലായേക്കാം, ഇത് സാധാരണ സ്കൂൾ വിദ്യാഭ്യാസത്തിൽ ബുദ്ധിമുട്ട് ഉണ്ടാകും ഭാവിയിൽ സ്വതന്ത്രരായി ജീവിക്കുന്നതിൽ നിന്നും പിന്തിരിപ്പിക്കുകയും ചെയ്യും. ഇവർ പിന്നീട് സമൂഹത്തിൽ  ഒറ്റപ്പെടും.

## 7. ബുദ്ധിമാന്ദ്യം തടയുന്നത് എങ്ങനെ?

- ഗർഭകാലത്ത് ആരോഗ്യകരമായ ഭക്ഷണം കഴിക്കുക, അയോഡിൻ ധാരാളമായി അടങ്ങിയ ഭക്ഷണ പദാർഥങ്ങളും പച്ചക്കറികളും പഴങ്ങളും ഉൾപെടുത്തുക.
- ക്രമമായി ഡോക്ടറെ  സന്ദർശിച്ചു പരിശോധന നടത്തുക
- ഡോക്ടറുടെ നിർദേശപ്രകാരം മാത്രം മരുന്നുകൾ കഴിക്കുക
- ഗര്ഭകാലത് വീഴ്ച, അപകടം അഥവാ ഏതെങ്കിലും തരത്തിലുള്ള പരിക്കുകൾ ഉണ്ടാകാതെ സൂക്ഷിക്കുക.



- ഗർഭകാലത്ത് എക്സ്റേ എടുക്കുന്നത് ഒഴിവാക്കുക
- ഗർഭകാലത്ത് മദ്യം, പുകവലി എന്നിവ ഒഴിവാക്കുക
- കുട്ടിയുടെ ആരോഗ്യം സംരക്ഷിക്കുക, മുലപ്പാൽ നൽകുക
- കുഞ്ഞിന് രോഗപ്രതിരോധ കുത്തിവയ്പ്പുകൾ കൃത്യമായി എടുക്കുക
- കുട്ടിയുടെ ശാരീരിക, മാനസിക,  ഭാഷ വികസനങ്ങൾ ശരിയായി വരുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- കുട്ടിക്ക് വളരാനായി ആരോഗ്യകരമായതും വൃത്തിയുള്ളതുമായ പരിസരം ഒരുക്കുക.

ഡിപ്പാർട്ട്മെന്റ് ഓഫ് പി.ഓ.സി.ഡി
ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ – 570006
ഫോൺ നമ്പർ: 0821-2502575/2502703/2502000
ഇമെയിൽ –director@aiishmysore.in
വെബ്സൈറ്റ്: aiishmysore.in
പ്രവർത്തി ദിവസങ്ങൾ :തിങ്കൾ മുതൽ വെള്ളി വരെ(9AM-5.30PM)
(കേന്ദ്രസർക്കാർ അവധി ദിവസങ്ങൾ ഒഴികെ)

# ബുദ്ധിമാന്ദ്യം



ഡിപ്പാർട്ട്മെന്റ് ഓഫ് പി.ഓ.സി.ഡി
ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്
മാനസഗംഗോത്രി, മൈസൂർ – 570006
ഫോൺ നമ്പർ: 0821-2502575/2502703/2502000
ഇമെയിൽ –director@aiishmysore.in
വെബ്സൈറ്റ്: aiishmysore.in
പ്രവർത്തി ദിവസങ്ങൾ :തിങ്കൾ മുതൽ വെള്ളി വരെ(9AM-5.30PM)
(കേന്ദ്രസർക്കാർ അവധി ദിവസങ്ങൾ ഒഴികെ)

## 1.എന്താണ് ബുദ്ധിമാന്ദ്യം?

ചിന്തിക്കാനും, കാര്യങ്ങൾ മനസ്സിലാക്കാനുമുള്ള കഴിവില്ലായ്മ സാഹചര്യത്തിന് അനുസരിച്ച് ഭാഷ ഉപയോഗിക്കാനുള്ള ബുദ്ധിമുട്ട് എന്നിവയെല്ലാം കൂടിയ ഒരവസ്ഥയാണ് ബുദ്ധിമാന്ദ്യം. ബുദ്ധി വൈകല്യമുള്ള ഒരു വ്യക്തിയുടെ ബുദ്ധിശക്തി ശരാശരിയിൽ താഴെയായിരിക്കും.




## 2.ബുദ്ധിമാന്ദ്യം ഉണ്ടാകുന്നത് എന്തുകൊണ്ട്?

### ഗർഭകാലത്ത് സംഭവിക്കാവുന്ന ചില കാരണങ്ങൾ

- റൂബെല്ല, സൈറ്റോമെഗാലൊവൈറസ്, ചിക്കൻപോക്സ് തുടങ്ങിയ വൈറസ് അണുബാധ
- ഡോക്ടറുടെ നിർദേശമില്ലാതെ മരുന്നു കഴിക്കുന്നത്
- അയോഡിൻ, കാത്സ്യം തുടങ്ങിയ ധാതു ലവണങ്ങളുടെയും വിറ്റാമിനുകളുടെയും കുറവുമൂലം ഉണ്ടാകുന്ന പോഷകാഹാരക്കുറവ്
- അപകടമോ വീഴ്ചയോ
- മദ്യപാനം
- മാനസിക–വൈകാരിക പിരിമുറുക്കം






### പ്രസവസമയത്ത് സംഭവിക്കാവുന്ന ചില കാരണങ്ങൾ



- മാസം തികയാത്ത പ്രസവം
- കുഞ്ഞിന് തൂക്കകുറവ്
- കുട്ടി ജനിച്ച ഉടനെ കരയാൻ ഉണ്ടാകുന്ന താമസം
- പ്രസവസമയത്ത് തലച്ചോറിനേറ്റ പരിക്ക്



### ജനനശേഷം ബുദ്ധിമാന്ദ്യത ഉണ്ടാകാനുള്ള ചില കാരണങ്ങൾ

- തലച്ചോറിന്റെ വികാസത്തെ ബാധിക്കുന്ന അണുബാധകൾ( മെനിഞ്ചൈറ്റിസ്)
- അപകടങ്ങളോ വീഴ്ചയോ കാരണം തലയ്ക്കും കഴുത്തിനും ഉണ്ടാകുന്ന പരിക്ക്
- മെർക്കുറി തുടങ്ങിയ വിഷവസ്തുക്കളുമായുള്ള സമ്പർക്കം.




## 3.ബുദ്ധിമാന്ദ്യത്തിന്റെ അനന്തരഫലങ്ങൾ എന്തൊക്കെയാണ്?

- സംസാരിച്ചു തുടങ്ങാൻ കാലതാമസം
- വ്യക്തമല്ലാത്ത സംസാരം
- ശ്രദ്ധക്കുറവ്
- ഓർമക്കുറവ്
- പഠനത്തിൽ ബുദ്ധിമുട്ട്
- പ്രശ്ന പരിഹാരശേഷിക്കുറവ് (പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ബുദ്ധിമുട്ട്) (കണക്കിലായാലും, ജീവിതത്തിലായാലും).
- പെരുമാറ്റത്തിൽ പക്വത ഇല്ലായിമ (മറ്റുള്ളവരെയോ സ്വയമോ കടിക്കുക, തള്ളുക, തലയിട്ടടിക്കുക).
- അവനവന്റെ ദൈനംദിന ജീവിതത്തിലേക്ക് ആവശ്യമായ പ്രവർത്തികൾ (കുളി, ശുചിമുറി ഉപയോഗിക്കൽ, ഡ്രസ്സ് ഇടുന്നത് എന്നിവ) സ്വയം ചെയ്യാനുള്ള ബുദ്ധിമുട്ട്.`
- സാമൂഹിക നിയമങ്ങൾ, അതുപോലെ കളികളിലെ നിയമങ്ങൾ പഠിക്കുവാനും പാലിക്കുവാനും ഉള്ള ബുദ്ധിമുട്ട്.

## 4. എന്റെ കുട്ടിക്ക് ബുദ്ധിമാന്ദ്യം ഉണ്ടെങ്കിൽ ആരെയാണ് കാണിക്കേണ്ടത്?

ബുദ്ധിമാന്ദ്യം ഉള്ള കുട്ടികളുടെ ചികിത്സയിൽ പല പ്രൊഫഷണലുകളും പങ്കാളികൾ ആണ്.

- **സ്പീച്ച് ലാംഗ്വേജ് പാത്തോളജിസ്റ്റ്** (വാക്–ഭാഷാ വിദഗ്ദ്ധൻ) ആശയവിനിമയ ശേഷി വിലയിരുത്തുകയും ഒരു ചികിത്സ പദ്ധതി നിർദ്ദേശിക്കുകയും ചെയ്യും
- **മനഃശാസ്ത്ര വിദഗ്ദ്ധൻ:** ബുദ്ധിക്ഷമത വിലയിരുത്തുകയും സ്വഭാവം മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി നിർദ്ദേശിക്കുകയും ചെയ്യും.
- ഈ കുട്ടികളെ പഠിപ്പിക്കുവാൻ പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള അദ്ധ്യാപകർ **(സ്പെഷ്യൽ എഡ്യൂക്കേറ്റർ)** ഇവർക്ക് സ്കൂളിലേക്കു ആവശ്യമായ കഴിവുകൾ വളർത്താനുള്ള നിർദ്ദേശങ്ങൾ നൽകും.